ദൈവത്തിന്റെ സന്ദേശവാഹകരമായി ചരിത്രത്തിന്റെ വിവിധ ദശകളിൽ വിവിധ ദേശങ്ങളിൽ രംഗപ്രവേശം ചെയ്ത പ്രവാചകന്മാരാകുന്നു സംസ്കാരത്തിന്റെയും നാഗരികതയുടെയും ശിൽപികൾ. അവർ മൃതപ്രായരായ മനുഷ്യർക്ക് വിശ്വാസത്തിലൂടെ ജീവൻ നൽകി. ഇരുട്ടിൽ ജീവിച്ചവർക്ക് വെളിച്ചമേകി

# പ്രവാചകത്വം ഖുർആനികവീക്ഷണത്തിൽ

പി.കെ. ജമാൽ

ദൈവത്തിന്റെ സൃഷ്ടിയാണ് മനുഷ്യൻ. മനുഷ്യന് ഭൂമിയിൽ ജീവിക്കാൻ ആവശ്യമായ മാർഗനിർദേശം ലഭിക്കേണ്ടത് സ്രഷ്ടാവായ ദൈവത്തിൽനിന്നാണ്. ആദിസൃഷ്ടിയും ആദ്യപിതാവുമായ ആദം ഈ ഭൂമിയിൽ അധിവാസമുറപ്പിച്ച നാൾതൊട്ട് മനുഷ്യവർഗത്തിന് ദൈവികമാർഗദർശനം ലഭിച്ചുപോന്നിട്ടുണ്ട്. ജീവിതത്തിന് വെളിച്ചമേകുന്ന വിശ്വാസത്തിലേക്ക് ക്ഷണിക്കാനും ഇരുട്ടിൽനിന്ന് പ്രകാശത്തിന്റെ ലോകത്തേക്ക് നയിക്കാനും മനുഷ്യരിൽനിന്ന് ദൈവം ശ്രേഷ്ഠരായ വ്യക്തികളെ തെരഞ്ഞെടുത്തു നിയോഗിച്ചു. ദൈവത്തിന്റെ സന്ദേശവാഹകരും പ്രചാരകരുമായ ആ മഹാവ്യക്തിത്വങ്ങളാകുന്നു പ്രവാചകന്മാർ.

മനുഷ്യൻ, ജീവിതം, പ്രപഞ്ചം എന്നീ അടിസ്ഥാനത്രയത്തെക്കുറിച്ച് സുബദ്ധവും കുറ്റമറ്റതുമായ വീക്ഷണം പകരാനോ അവയെ അപഗ്രഥിച്ച് വ്യക്തമായ മാർഗദർശനം നൽകാനോ കേവലബുദ്ധി അപര്യാപ്തമാണ്. ബുദ്ധിയുടെ അന്വേഷണത്തെ സഹായിക്കാൻ അതിന്റെ കഴിവും കഴിവുകേടും പരിധിയും പരിമിതിയും അറിയുന്ന സൃഷ്ടികർത്താവായ ദൈവത്തിന്റെ ഇടപെടൽ ആവശ്യമാണ്. ഈ സഹായത്തിന്റെ സാക്ഷാത്കാരമായിട്ടാണ് പ്രവാചകന്മാരുടെ നിയോഗമുണ്ടാകുന്നത്. വഹ്യ് അഥവാ ദിവ്യബോധനത്തിന്റെ പ്രസക്തി ഇവിടെയാണ്. മനുഷ്യബുദ്ധിക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത മേഖലകളിൽ വെളിച്ചമേകാൻ പ്രവാചകന്മാരുടെ സഹായം അനിവാര്യമാകുന്നു. ദൈവത്തിൽനിന്ന് ലഭിക്കുന്ന വെളിച്ചം ജീവിതത്തിൽ പ്രഭചൊരിയുന്നു. നന്മയും തിന്മയും ധർമവും അധർമവും സത്യവും അസത്യവും വിവേചിച്ചറിയാൻ മനുഷ്യബുദ്ധി അപര്യാപ്തവും അശക്തവുമാണെന്നത് അംഗീകരിക്കപ്പെട്ട യാഥാർഥ്യമാണ്. ജീവിതം, മരണം, മരണാനന്തരജീവിതം എന്നീ യാഥാർഥ്യങ്ങളെ നിർവചിക്കാനും അവയെ സംബന്ധിച്ച് വ്യക്തമായ ധാരണകൾ സൃഷ്ടിക്കാനും കേവലബുദ്ധിക്ക് സാധ്യമല്ല. മനുഷ്യന്റെ സൃഷ്ടികർത്താവായ ദൈവത്തിനു മാത്രമേ അതിനു കഴിയൂ.

## ചരിത്രത്തിന്റെ സ്രഷ്ടാക്കൾ

ദൈവത്തിന്റെ സന്ദേശവാഹകരായി ചരിത്രത്തിന്റെ വിവിധ ദശകളിൽ വിവിധ ദേശങ്ങളിൽ രംഗപ്രവേശം ചെയ്ത പ്രവാചകന്മാരാകുന്നു സംസ്കാരത്തിന്റെയും നാഗരികതയുടെയും ശിൽപികൾ. അവർ മൃതപ്രായരായ മനുഷ്യർക്ക് വിശ്വാസത്തിലൂടെ ജീവൻ നൽകി. ഇരുട്ടിൽ ജീവിച്ചവർക്ക് വെളിച്ചമേകി. ജീവിതത്തിന്റെ സർവ തുറകളിലും മരണത്തെ പുൽകിയ മനുഷ്യർക്ക് പ്രവാചകന്മാർ നൽകിയ പുതുജീവൻ ഖുർആന്റെ ദൃഷ്ടിയിൽ: “നേരത്തേ നിർജീവനായിരിക്കുകയും അനന്തരം നാം ജീവൻ നൽകുകയും എന്നിട്ട് നാം നൽകിയ പ്രകാശത്തിൽ ജീവിതം നയിക്കുകയും ചെയ്യുന്ന ഒരാൾ അന്ധകാരങ്ങളിലകപ്പെട്ട് ഒരു വിധത്തിലും അതിൽനിന്ന് മോചിതനാവാൻ കഴിയാത്തവനെപ്പോലെയാണോ? (അൽ അൻആം: 122).

മനുഷ്യസമൂഹത്തെ സംബന്ധിച്ചേടത്തോളം ദിവ്യസന്ദേശം ഉപരിലോകത്തു നിന്ന് പെയ്തിറങ്ങുന്ന മഴപോലെയാകുന്നു. മഴയുടെ ആഗമനത്തിൽ ഭൂമി പുളകം കൊള്ളുകയും അതിന്റെ ആശ്ലേഷത്തിൽ കോരിത്തരിക്കുകയും തുടർന്ന് ഭൂഗർഭത്തിൽ ജീവന്റെ തുടിപ്പുകൾ ദൃശ്യമാവുകയും ചെയ്യുന്ന ഉദാഹരണം എത്ര സുന്ദരമായാണ് ഖുർആൻ ആവിഷ്കരിക്കുന്നത്! “അല്ലാഹു വിണ്ണിൽനിന്ന് മഴ വർഷിച്ചു. നദികളും തോടുകളുമെല്ലാം അവയുടെ വിശാലതയനുസരിച്ച് അതുമായൊഴുകി. അങ്ങനെ വെള്ളം പൊങ്ങിയപ്പോൾ ഉപരിതലത്തിൽ നുരയും പതയുമുണ്ടായി. ആഭരണങ്ങളും പാത്രങ്ങളും മറ്റുമുണ്ടാക്കുന്നതിനു വേണ്ടി ആളുകൾ തീയിലുരുക്കുന്ന വസ്തുക്കളിൽനിന്നും ഇതുപോലെ നുരയുണ്ടാകുന്നു. ഈ ഉദാഹരണത്തിലൂടെ അല്ലാഹു സത്യാസത്യങ്ങളുടെ സ്വഭാവത്തെ വിശദീകരിക്കുകയാണ്. നുരകൾ വറ്റിപ്പോകുന്നു. മനുഷ്യർക്ക് പ്രയോജനമുള്ള വസ്തുക്കളോ, ഭൂമിയിൽ നിലനിൽക്കുകയും ചെയ്യുന്നു. ഈ വിധം അല്ലാഹു ഉദാഹരണങ്ങളിലൂടെ അവന്റെ സന്ദേശങ്ങൾ ഗ്രഹിപ്പിക്കുന്നു” (അർറഅ്ദ്: 17).

മഴയുടെ ആവിർഭാവത്തോടെ ഭൂഗർഭത്തിലെ വിത്തുകൾ പുറന്തോട് ഭേദിച്ച് പുറത്തുവരുന്നതുപോലെ ദിവ്യസന്ദേശത്തിന്റെ വരവോടെ മനുഷ്യനിൽ അന്തർഭവിച്ച നാനാതരം സിദ്ധികളും കഴിവുകളും പുറത്തുവരുന്നു. ഉപകാരപ്രദമായ സസ്യങ്ങൾ മഴമൂലം മണ്ണിൽനിന്ന് മുളയ്ക്കുന്നതുപോലെ ഉപദ്രവകരമായ വിഷച്ചെടികളും മുളച്ചുവരുന്നു. ഇതേപോലെ പ്രവാചകന്മാർ കൊണ്ടു

വന്ന ദൈവികസന്ദേശത്തിന്റെ വർഷപാതം മനുഷ്യസമൂഹത്തിലെ നന്മയും തിന്മയും പുറത്തുവരാൻ സഹായകമായി. തീച്ചൂളയിലിട്ട് ലോഹങ്ങളുരുക്കുമ്പോൾ കറയും കീടവും പുറത്തുവരുന്ന അതേ രീതി തന്നെ. ശുദ്ധലോഹം ബാക്കിയാവുന്നു. നുരയും പതയുംവറ്റി ഉപകാരപ്രദമായ ജലാംശം ഭൂമിയിൽ തങ്ങിനിൽക്കുന്നു. സത്യം ശാശ്വതമായി നിലനിൽക്കുകയും അസത്യം തിരോഭവിക്കുകയും ചെയ്യുന്നു.

## നബി, റസൂൽ

പ്രവാചകത്വത്തെ സംബന്ധിച്ച ഖുർആന്റെ വീക്ഷണം വ്യക്തമാക്കുമ്പോൾ മനസ്സിലുണ്ടാകേണ്ട ധാരണയാണ് സൂചിപ്പിച്ചത്. പ്രവാചകന്മാർ എന്ന സംജ്ഞയെ വ്യവഛേദിച്ച് മനസ്സിലാക്കുമ്പോൾ, 'നബി', 'റസൂൽ' എന്നീ പദങ്ങളെ വിശകലനം ചെയ്യേണ്ടതായി വരുന്നു. *നബഅ്* അഥവാ വൃത്താന്തം എന്ന ധാതുവിൽനിന്ന് നിഷ്പന്നമായതാണ് *നബി* എന്ന പദം. വൃത്താന്തം അറിയുന്നവനും വൃത്താന്തം അറിയിക്കപ്പെടുന്നവരും എന്ന അർഥത്തിൽ ഈ പദം ഉപയോഗിക്കപ്പെടുന്നുണ്ട്. അല്ലാഹു അറിയിക്കുന്നു എന്ന സങ്കൽപത്തിൽ അറിയിക്കപ്പെടുന്നവൻ. *ഖാലത് മൻ അമ്പഅക ഹാദാ ഖാല നബ്ബ അനിയൽഅലീമുൽ ഖബീർ* (ആരാണിത് താങ്കളോട് പറഞ്ഞതെന്ന് അവർ ചോദിച്ചു. എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമാണ് എന്നോടിത് പറഞ്ഞത് എന്ന് അദ്ദേഹം മറുപടികൊടുത്തു -അത്തഹ്രീം:3). അല്ലാഹുവിന്റെ കൽപനകളും നിർദേശങ്ങളും ജനങ്ങളെ അറിയിക്കുന്നവൻ എന്ന അർഥത്തിൽ: *നബ്ബിഅ് ഇബാദീ അന്നീ അനൽ ഗഫൂറുർറഹീം* (പ്രവാചകരേ, എന്റെ ദാസന്മാർക്ക് പറഞ്ഞുകൊടുക്കുക: ഞാൻ ഏറെ പൊറുക്കുന്നവനും ദയാപരനുമാകുന്നു -അൽഹിജ്ർ: 49).

*നബ്വഃ* അഥവാ ഉത്തുംഗശൃംഗം എന്ന ധാതുവിൽനിന്നാണ് *നുബുവ്വഃ* എന്ന പദത്തിന്റെ ഉത്ഭവം എന്നും ഭാഷാശാസ്ത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഇഹലോകത്തും പരലോകത്തും ഉന്നതസ്ഥാനവും പദവിയും അലങ്കരിക്കുന്ന, ഇഹ-പരലോകങ്ങളിലെ സൗഭാഗ്യ-നിർഭാഗ്യങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് ബോധനവും മാർഗനിർദേശവും നൽകുന്ന വ്യക്തിത്വം എന്നായി അപ്പോൾ *നബി*യുടെ അർഥം (*ലിസാനുൽ അറബ്* 3/561).

*റസൂൽ* -ദൂതൻ, *ഇർസാൽ*-ദൗത്യനിയോഗം. ഒരു വ്യക്തിയെ പ്രത്യേക ദൗത്യനിർവഹണത്തിന് നിയോഗിച്ചാൽ അയാൾ ദൂതനായി. ദൗത്യനിർവഹണത്തിന് അല്ലാഹു തെരഞ്ഞെടുത്ത ദൂതനാകുന്നു റസൂൽ. നബിയും റസൂലും തമ്മിൽ വ്യത്യാസമുണ്ട്. നിയമസംഹിതയുമായി നിയോഗിക്കപ്പെട്ട വ്യക്തി *റസൂൽ* എന്നും തനിക്കു മുമ്പുള്ള നിയമസംഹിതയെ അതേപടി അംഗീകരിച്ചും സ്ഥിരീകരിച്ചും സന്ദേശം പ്രചരിപ്പിക്കുന്ന വ്യക്തി *നബി* എന്നും വ്യവഹരിക്കപ്പെടുന്നു (*തഫ്സീറുൽ ആലൂസി* 17/157).

## പ്രവാചകന്മാരുടെ ദൗത്യം

പ്രവാചകന്മാരുടെ നിയോഗലക്ഷ്യം എന്തായിരുന്നു? അവരുടെ ചുമതലകളും കർത്തവ്യങ്ങളും വിശദമായി ഗ്രഹിക്കാൻ ജീവിതചരിത്രത്തിലൂടെയുള്ള യാത്ര അനിവാര്യമാകുന്നു. അവരുടെ ജീവിതം തന്നെയായിരുന്നു അവരുടെ സന്ദേശം. ജനങ്ങളിൽ സച്ചരിതരും ഉത്കൃഷ്ടസ്വഭാവത്തിന്റെ ഉടമകളുമായിരുന്ന പ്രവാചകന്മാരുടെ വ്യക്തിത്വവിശുദ്ധി കഠിനശത്രുക്കൾപോലും ചോദ്യം ചെയ്യുകയുണ്ടായില്ല. ദൈവികസന്ദേശത്തെ കളവാക്കുകയും ധിക്കാരഭാഷ കൈക്കൊള്ളുകയും ചെയ്യുന്ന നിഷേധികളുടെ പോലും ഉള്ളിന്റെയുള്ളിൽ പ്രവാചകന്മാരോടുള്ള ആദരവും മതിപ്പും കുടികൊണ്ടിരുന്നു. പ്രവാചകന്മാരുടെ ജീവിതം അവർക്ക് മുമ്പിൽ തുറന്നുവച്ച ഗ്രന്ഥമായിരുന്നു.

ദൈവികസന്ദേശത്തിന്റെ വാഹകരും ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധികളുമെന്ന നിലയ്ക്ക് പ്രവാചകന്മാരുടെ പ്രഥമകർത്തവ്യം അവ ജനങ്ങളിലേക്ക് പകർന്നുനൽകുക എന്നതായിരുന്നു. മുഹമ്മദ്നബിക്ക് നൽകിയ വ്യക്തമായ നിർദേശം: "ദൂതരേ! താങ്കളുടെ നാഥങ്കൽനിന്ന് താങ്കൾക്ക് അവതീർണമായത് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക. അങ്ങനെ താങ്കൾ ചെയ്തില്ലെങ്കിൽ അവന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചില്ലെന്നാകുന്നു അതിനർഥം" (അൽമാഇദ: 67).

ഏകദൈവമല്ലാതെ ആരാധ്യനില്ലെന്നും ദൈവദൂതരായ തങ്ങളെ അനുസരിക്കുകയും പിൻപറ്റുകയും ചെയ്യണമെന്നും അവർ നിരന്തരം പ്രബോധനം ചെയ്തുകൊണ്ടിരുന്നു: "അല്ലാഹുവിന് ഇബാദത്ത് ചെയ്യണമെന്നും ദൈവേതരശക്തികളെ വർജിക്കണമെന്നുമുള്ള സന്ദേശവുമായി എല്ലാ ജനപദങ്ങളിലും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്" (അന്നഹ്ൽ: 36). "നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുക" (അശ്ശുഅറാഅ്: 108,131,144,150,163,179). ദൈവികസരണിയിലേക്ക് ജനങ്ങളെ ക്ഷണിക്കാൻ നിരന്തരവും നിസ്തന്ദ്രവുമായ പ്രവർത്തനങ്ങൾ നടത്തിയ, ത്യാഗത്തിന്റെ ആൾരൂപങ്ങളായ പ്രവാചകന്മാരുടെ ചരിത്രം ഖുർആൻ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

പ്രവാചകന്മാരുടെ പ്രബോധനത്തിന്റെ സാരാംശം ശുഭവാർത്തയും മുന്നറിയിപ്പുമാകുന്നു: "ശുഭവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായല്ലാതെ നാം ദൂതന്മാരെ നിയോഗിക്കുന്നില്ല" (അൽകഹ്ഫ്: 56). ദൈവികാധ്യാപനങ്ങൾക്ക് അനുരോധമായി ജീവിച്ചാൽ ഇഹലോകജീവിതത്തിൽ കരഗതമാവുന്ന നന്മ നിറഞ്ഞ സന്തുഷ്ടജീവിതത്തെക്കുറിച്ച് അവർ സുവാർത്ത നൽകി. ധിക്കാരത്തിന്റെയും അഹങ്കാരത്തിന്റെയും അവിശ്വാസത്തിന്റെയും തിക്തഫലങ്ങൾ ഐഹികജീവിതത്തിൽതന്നെ അനുഭവിക്കേണ്ടിവരുമെന്ന മുന്നറിയിപ്പും പ്രവാചകന്മാർ നൽകി. ധിക്കാരത്തിന്റെ ഫലമായി പരലോകത്ത് വന്നു ഭവിച്ചേക്കാവുന്ന ദൈവശിക്ഷയെക്കുറിച്ച് അവർ ജനങ്ങളെ താക്കീത് ചെയ്തു.

അവിശ്വാസത്തിന്റെയും ബഹുദൈവാരാധനയുടെയും അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും ഇരുട്ടിൽനിന്ന് ഇസ്‌ലാമിന്റെ വെളിച്ചത്തിലേക്ക് അവർ ജനങ്ങളെ ആനയിച്ചു: "നിന്റെ സമുദായത്തെ ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് ആനയിക്കുക എന്ന നിർദേശവുമായി മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങളുമായി നാം അയച്ചു" (ഇബ്റാഹീം: 5). അബദ്ധവിശ്വാസങ്ങളിൽനിന്നും ആചാരങ്ങളിൽനിന്നും ജീവിതരീതികളിൽനിന്നും ജനങ്ങളെ മോചിപ്പിച്ച് ആത്മസംസ്കരണത്തിന്റെയും ജീവിതവിശുദ്ധിയുടെയും പാഠങ്ങൾ പഠിപ്പിക്കുകയും ഉത്തമമനുഷ്യരായി അവരെ പരിവർത്തിപ്പിക്കുകയും ചെയ്തു.

ജനങ്ങളെ ഏകദൈവവിശ്വാസത്തിലേക്ക് ക്ഷണിച്ചതോടൊപ്പം ഓരോ കാലത്തും ഓരോ സമൂഹത്തിൽ നിലനിന്ന തെറ്റായ ജീവിതസമ്പ്രദായങ്ങളുടെ നേരെ വിരൽചൂണ്ടുകയും അവയുടെ ഐഹികവും പാരത്രികവുമായ ദുഷ്പരിണതികളെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. സമൂഹത്തെ ചീഞ്ഞളിഞ്ഞ ചിന്താധാരയിൽനിന്ന് വേർപ്പെടുത്തിയെടുക്കുന്ന അതേ ശക്തിയോടെ സമൂഹത്തിലും രാജ്യത്തും നിലനിന്ന അധാർമിക-സദാചാരവിരുദ്ധ കുറ്റകൃത്യങ്ങൾക്കെതിരിൽ നിലയുറപ്പിച്ച് ജനങ്ങളെ അവയുടെ നീരാളിപ്പിടിത്തത്തിൽനിന്ന് മോചിപ്പിച്ചു. വിശ്വാസവൈകൃതങ്ങൾ, അത്യാചാരങ്ങൾ, സാമ്പത്തികചൂഷണം, സുഖേഛാസംസ്കാരം, ഭൗതികമാത്ര ജീവിതസമീപനം, സാംസ്കാരികജീർണത, രാഷ്ട്രീയാടിമത്തം തുടങ്ങി വിവിധ ജനസമൂഹങ്ങളിലും രാജ്യങ്ങളിലും നിലനിന്ന വ്യത്യസ്ത പ്രശ്നങ്ങളോട് സചേതനമായി പ്രതികരിക്കുകയും ജനങ്ങളുടെ മുന്നിൽ ദൈവികസന്ദേശത്തിൽ അധിഷ്ഠിതമായ ജീവിതരീതിയുടെ നന്മകൾ അവതരിപ്പിക്കുകയും ചെയ്തു. ഒരു പ്രവാചകനും തങ്ങളുടെ കാലത്തെ സമൂഹത്തിൽ പ്രകടമായ ദൂഷ്യങ്ങളുടെ നേരെ കണ്ണടച്ചിട്ടില്ലെന്ന് ചരിത്രം വ്യക്തമാക്കുന്നു. ബിംബാരാധനയ്ക്കെതിരിലും ബഹു

ദൈവവിശ്വാസത്തിനെതിരിലും നിലകൊണ്ട നൂഹ്, സാമ്പത്തിക കുറ്റങ്ങൾക്കെതിരെ ശക്തമായി ശബ്ദിച്ച ശുഐബ്, ലൈംഗികവൈകൃതങ്ങൾക്കും സ്വവർഗരതിക്കുമെതിരെ ആഞ്ഞടിച്ച ലൂത്വ്, ആദ്-സമൂദ് ഗോത്രങ്ങളുടെ ആർഭാടസംസ്കാരത്തിനും പൊങ്ങച്ചപ്രകടനത്തിനുമെതിരിൽ നിലകൊണ്ട ഹൂദ്, സ്വാലിഹ്, തൗഹീദ് അഥവാ ഏകദൈവത്വസിദ്ധാന്തപ്രചാരണത്തിന് ജീവിതം ഉഴിഞ്ഞുവയ്ക്കുകയും ബഹുദൈവാരാധനയ്ക്കും ബിംബപൂജയ്ക്കുമെതിരെ ശക്തമായി നിലകൊണ്ടതിന്റെ പേരിൽ നിരവധി പരീക്ഷണങ്ങൾക്കിരയാവുകയും ചെയ്ത ഇബ്റാഹീം, ഈജിപ്തിൽ അടിമകളായിക്കഴിഞ്ഞിരുന്ന ഇസ്രാഈൽസമുദായത്തിന്റെ മനസ്സിൽ വിമോചനത്തിന്റെയും സ്വാതന്ത്ര്യബോധത്തിന്റെയും വിത്തു പാകി കൊടുങ്കാറ്റായി ആഞ്ഞടിച്ച മൂസാ, ധർമവിരോധിയും ഗർവിഷ്ഠനുമായ ത്വാലൂത്തിനെ പരാജയപ്പെടുത്തുകയും നീതിനിഷ്ഠമായ ഭരണം കാഴ്ചവയ്ക്കുകയും ചെയ്ത ദാവൂദ്, തനിക്ക് സ്വായത്തമായ ഭൗതിക സൗകര്യങ്ങളെല്ലാം ദൈവികസരണിയിലും ജനക്ഷേമമാർഗത്തിലും വിനിയോഗിച്ച് ചരിത്രത്തിൽ ചിരപ്രതിഷ്ഠ നേടിയ സുലൈമാൻ, പുരോഹിതന്മാരുടെയും പരീശന്മാരുടെയും ചൂഷണത്തിൽനിന്ന് ജനങ്ങളെ വിമോചിപ്പിച്ച, ഉത്കൃഷ്ടജീവിതമൂല്യങ്ങളുടെ പ്രബോധനപ്രചാരണത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഈസാ -ഇവരെല്ലാം ആ സുദീർഘമായ ചരിത്രശൃംഖലയിലെ ഏതാനും കണ്ണികൾ മാത്രമാകുന്നു.

പ്രവാചകന്മാർ നിയോഗിതരായതും ഗ്രന്ഥങ്ങൾ അവതീർണമായതും മനുഷ്യന് ദൈവത്തിനെതിരിൽ ന്യായം പറയാനുള്ള അവസരം ഒഴിവാക്കാനായിരുന്നു. രക്ഷയും ശിക്ഷയും നൽകുന്നത് മനുഷ്യർക്ക് വ്യക്തമായ കാഴ്ചപ്പാടും ജീവിതാഭിവീക്ഷണവും നൽകിയതിനു ശേഷമാവണമല്ലോ: "സന്തോഷവാർത്ത അറിയിക്കുന്നവരും മുന്നറിയിപ്പു നൽകുന്നവരുമായ ദൂതന്മാരെ (നാം അയച്ചു). പ്രവാചകന്മാരുടെ ആഗമനാനന്തരം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു തെളിവും അവശേഷിക്കാതിരിക്കുന്നതിനു വേണ്ടി" (അന്നിസാഅ്: 165).

പ്രവാചകന്മാരെ പിൻപറ്റുന്ന സമൂഹം സ്വാഭാവികമായും ഒരു വ്യവസ്ഥിതിയുടെ ചട്ടക്കൂട്ടിൽ ഒരുമിച്ചുകൂടപ്പെടുകയും നയിക്കപ്പെടുകയും ചെയ്യും. അത്തരം ഘട്ടങ്ങളിൽ നേതൃത്വപരമായ പങ്കു നിർവഹിച്ച് ജനങ്ങളുടെ നായകത്വം ഏറ്റെടുക്കാനും അവരെ ഭരിക്കാനും പ്രവാചകന്മാർ മുന്നോട്ടുവന്നു. പ്രശ്നങ്ങൾ പരിഹരിച്ചു. നീതി നടപ്പാക്കി. ജനങ്ങൾക്ക് ക്ഷേമൈശ്വര്യം ഉറപ്പുവരുത്തുന്ന ഭരണക്രമം കാഴ്ചവച്ചു.

പ്രവാചകന്മാരുടെ ചുമതലകളും കടമകളുമായി ഖുർആൻ വിവരിച്ച വസ്തുതകൾ ഒന്നടങ്കം മുഹമ്മദ് നബി(സ)യുടെ ജീവിതത്തിൽ പ്രതിഫലിച്ചുകാണാം. അന്ത്യപ്രവാചകനായ മുഹമ്മദ് മനുഷ്യവർഗത്തിന്റെ മുഴുവൻ പ്രവാചകനാണ്. സർവരാജ്യങ്ങളിലേക്കും സർവകാലങ്ങളിലേക്കും അയക്കപ്പെട്ട പ്രവാചകൻ. ഇനിയൊരു പ്രവാചകന്റെ ആഗമനത്തിന് പ്രസക്തിയില്ല. ഒരു പ്രവാചകനു ശേഷം മറ്റൊരു പ്രവാചകന്റെ ആഗമനത്തിന് മൂന്നിലൊരു കാരണം ഉണ്ടാകാതെ വയ്യ: 1) ആദ്യപ്രവാചകന്റെ അധ്യാപനങ്ങൾ നാമാവശേഷമായിപ്പോവുകയും അവയെ പുനരുജ്ജീവിപ്പിക്കേണ്ടതാവശ്യമായിവരികയും ചെയ്യുക. 2) ആദ്യപ്രവാചകന്റെ ശിക്ഷണം അപൂർണമാവുകയും അതിനാൽ അതിൽ ഭേദഗതികളോ കൂട്ടിച്ചേർക്കലോ നടത്തേണ്ടതായിവരികയും ചെയ്യുക. 3) ആദ്യപ്രവാചകന്റെ ശിക്ഷണങ്ങൾ ഒരു പ്രത്യേക സമുദായത്തിന് മാത്രമായിരിക്കുകയും അതിനാൽ മറ്റു സമുദായങ്ങൾക്ക് വേറെ പ്രവാചകൻ ആവശ്യമായിവരികയും ചെയ്യുക. ഈ മൂന്നുകാരണങ്ങളിൽ ഒന്നുപോലും ഇപ്പോൾ അവശേഷിക്കുന്നില്ല (*ഇസ്ലാം മതം,* പേ: 62, സയ്യിദ് മൗദൂദി).

## എല്ലാവരുടെയും മതം ഒന്ന്



ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ രംഗപ്രവേശം ചെയ്ത പ്രവാചകന്മാരുടെയെല്ലാം മതം ഒന്നായിരുന്നു -ഇസ്‌ലാം. ഓരോ കാലഘട്ടത്തിന്റെയും ആവശ്യവും താൽപര്യവും പരിഗണിച്ച് ശരീഅത്തുകളിൽ വ്യത്യാസമുണ്ടായിരുന്നു. ഈസാ കൊണ്ടുവന്ന ശരീഅത്ത് അഥവാ നിയമസംഹിത മൂസായുടേതിൽനിന്ന് വ്യത്യസ്തമായിരുന്നു. ഇവർ രണ്ടുപേരുടേതിൽനിന്നും വ്യത്യസ്തമാണ് മുഹമ്മദ് നബിയുടെ ശരീഅത്ത്: "നിങ്ങളിൽനിന്നുള്ള എല്ലാവർക്കും നാം ഓരോ നിയമസംഹിതയും ജീവിതസരണിയും നിശ്ചയിച്ചുതന്നു" (അൽമാഇദ: 48). വിശദാംശങ്ങളിൽ ഭിന്നമെങ്കിലും സാരാംശത്തിൽ ഏകമായ ഈ ദൈവികസന്ദേശമായിരുന്നു ഓരോ കാലഘട്ടത്തിലെയും മനുഷ്യവർഗത്തിന് വഴികാട്ടി. ആഗതനായ ഓരോ പ്രവാചകനും തന്റെ മുൻഗാമിയുടെ സന്ദേശം ശരിവയ്ക്കുകയും ആദൗത്യപൂർത്തീകരണമാണ് തന്റെ നിയോഗലക്ഷ്യമെന്ന് അസന്ദിഗ്ധമായി വ്യക്തമാക്കുകയും ചെയ്തു. തങ്ങളുടെ അറിവിന്റെ ഉറവിടം ദൈവമായതുകൊണ്ടും ദൈവത്തിന്റെ സന്ദേശവാഹകന്മാരാണ് തങ്ങളെന്ന ബോധം അവരിൽ ഉള്ളതുകൊണ്ടും ഒരു പ്രവാചകനും മറ്റൊരു പ്രവാചകനെ നിരാകരിക്കുകയോ തള്ളിപ്പറയുകയോ ചെയ്ത അനുഭവം ഉണ്ടായിട്ടില്ല. മനുഷ്യനിർമിത മതങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും കഥ മറിച്ചാണ്. ഓരോരുത്തരും തങ്ങളുടെ മുൻഗാമികളെ തള്ളിപ്പറഞ്ഞും സമകാലീനർ തന്നെ അന്യോന്യം വിമർശിച്ചും പഴിപറഞ്ഞും കളവാക്കിയും തങ്ങളുടെ നിലപാട് ശരിയും കുറ്റമറ്റതുമാണെന്ന് സ്ഥാപിക്കാനാണ് ശ്രമിക്കുക. ഭൗതികപ്രത്യയശാസ്ത്രങ്ങളുടെയും നിയമസംഹിതകളുടെയും സിദ്ധാന്തങ്ങളുടെയും സ്വാഭാവിക ദൗർബല്യമാണിത്. സ്രഷ്ടാവും സർവജ്ഞനുമായ ദൈവത്തിന്റെ സന്ദേശമാവട്ടെ, ദേശകാലാതിവർത്തിയായി നിലകൊണ്ട് മനുഷ്യരാശിക്ക് എന്നും വെളിച്ചവും മാർഗദർശനവും നൽകിക്കൊണ്ടിരിക്കുന്നു. ഏകദൈവത്വം, പ്രവാചകദൗത്യം, പരലോകവിശ്വാസം എന്നീ മൂന്നു അടിസ്ഥാനങ്ങളിലൂന്നി പ്രവാചകന്മാർ ലോകാരംഭം മുതൽ നടത്തിക്കൊണ്ടിരുന്ന പ്രബോധനത്തിന്റെ സവിശേഷത മനസ്സിലാക്കാൻ അവർ ചരിത്രത്തിൽ അവശേഷിപ്പിച്ചുപോയ അനശ്വര മുദ്രകൾ പരിശോധിച്ചാൽ മതി. ■